**വയനാട് ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ: ഡോ.രേണു രാജ്, ഐ.എ.എസ്)**

വിഷയം: വയനാട് ജില്ല - ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ രൂപീകരിച്ച് ഉത്തരവാക്കുന്നു.

പരാമർശം: (1) 20.10.2022 ലെ സ.ഉ(സാധാ) 2550/2022/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.

(2) 14.12.2022 ലെ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 1246/എ.8/2022 കെ.എസ്.ബി.വി നമ്പർ കത്ത്.

(3) 23.03.2023 ന് ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗ തീരുമാനം.

**ഉത്തരവ് നം. 28/2023/കെ.സി.ബി.ബി/ഡി.പി.ഒ/വയനാട് തീയതി: 01/04/2023**

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുള്ള ജൈവ വൈവിധ്യ പരിപാലന സമിതികൾക്ക് ആവശ്യമായ വിദഗ്ദ ഉപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാ തല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് സൂചന(1) പ്രകാരം ഉത്തരവായിട്ടുണ്ട്. സൂചന (2) പ്രകാരം എല്ലാ ജില്ലകളിലും ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചന (3) യോഗ തീരുമാന പ്രകാരം ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് സ്ഥിരം ക്ഷണിതാക്കളായി 7 വിദഗ്ദരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

വയനാട് ജില്ലയിലെ ജൈവ വൈവിധ്യ പരിപാലന സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനും താഴെ പറയും പ്രകാരം ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാക്കുന്നു.

ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റി

| | |
|---|---|
| ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ | ചെയർപേഴ്സൺ |
| ജില്ലാ പ്ലാനിംഗ് ഓഫീസർ | കൺവീനർ |
| ജില്ലാ കോർഡിനേറ്റർ, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് | ജോയിന്റ് കൺവീനർ |
| പ്രിൻസിപ്പൽ കൃഷി ഓഫീസർ | അംഗം |
| ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് കൺർവേറ്റർ ഓഫ് ഫോറസ്റ്റ് | അംഗം |
| ജില്ലാ ഫിഷറീസ് ഓഫീസർ | അംഗം |
| ജില്ലാ മൃഗസംരക്ഷണ ഓഫീസർ | അംഗം |
| പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര ലഘൂകരണ യൂണിറ്റ് (പിഎയു) | അംഗം |
| ഡെപ്യൂട്ടി ഡയറക്ടർ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് | അംഗം |
| പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ | സ്ഥിരം ക്ഷണിതാവ് |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ | " |
| പ്രസിഡണ്ട്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ | " |
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ | " |
| ചെയർപേഴ്സൺ, കൽപ്പറ്റ നഗരസഭ | " |

| | |
|---|---|
| ശ്രീ.എ.എൻ.പ്രഭാകരൻ, ജില്ലാ ആസൂത്രണ സമിതിയുടെ സർക്കാർ നോമിനി | " |
| ശ്രീ.ടി.സി.ജോസഫ്, കാട്ടിക്കുളം | " |
| ശ്രീ.ശിവൻ.വി.വി, സീനിയർ സൈന്റിസ്റ്റ്, എം.എസ്.എസ്.ആർ.എഫ്. (ടി.എസ്.ജി. അംഗം). | " |
| ഡോ.പി.കെ.പ്രസാദൻ, ഹെഡ് സുവോളജി ഡിപ്പാർട്ട്മെന്റ്, കണ്ണൂർ യൂണിവേഴ്സിറ്റി മാനന്തവാടി ക്യാമ്പസ് (ടി.എസ്.ജി. അംഗം). | " |
| ശ്രീ.വിഷ്ണുദാസ്.സി.കെ, ഹ്യൂം സെന്റർ ഫോർ എക്കോളജി & വൈൽഡ് ലൈഫ് ബയോളജി (ടി.എസ്.ജി. അംഗം | " |
| അഡ്വ.ജോസഫ് സക്കറിയ (ടി.എസ്.ജി. അംഗം) | " |
| ശ്രീ.രാജേഷ് കൃഷ്ണൻ (ടി.എസ്.ജി. അംഗം) | " |

മേൽ പറഞ്ഞ കമ്മിറ്റി യഥാസമയം കൂടേണ്ടതും ജൈവ വൈവിധ്യ നിയമം 2002, വകുപ്പ് 41(1), കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004 ചട്ടം 22, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 ചട്ടം 20(1) എന്നിവ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ജൈവ വൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സികൾ) പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

ജില്ലാ കളക്ടർ

പകർപ്പ്:

1. എല്ലാ അംഗങ്ങൾക്കും
2. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
3. സി.എ ടു ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ
4. സി.എ ടു ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറി
5. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണം
6. ഫയൽ & കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

**ജില്ലാ പ്ലാനിംഗ് ഓഫീസർ**